"ഭരണഭാഷ - മാതൃഭാഷ"

ഫോൺ : 0471 2557227 (ഓഫീസ്)
ഇ-മെയിൽ : registrar.tcmc@kerala.gov.in
www.medicalcouncil.kerala.gov.in

**കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്**
**റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം, കേരള-695035**

നം.എ2 -19354/2023/എം.സി/ കംപ്ല. തീയതി 12-03-2024

## പത്രക്കുറിപ്പ്

2020-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ടും, അനുബന്ധ ചട്ടങ്ങളും 2021-ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരവും കേരളത്തിൽ മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്നതിന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ ഓഫ് മോഡേൺ മെഡിസിന്റെ രജിസ്ട്രേഷൻ നിർബന്ധമാണ്. എന്നാൽ MBBS യോഗ്യത രജിസ്റ്റർ ചെയ്യാതെയും, MD/MS/DNB, DM/Mch/DrNB തുടങ്ങിയ അധിക യോഗ്യതകൾ രജിസ്റ്റർ ചെയ്യാതെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരമില്ലാത്ത അധിക യോഗ്യതകൾ പ്രദർശിപ്പിച്ചും ഡോക്ടർമാർ കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്നതായി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ രജിസ്റ്റർ ചെയ്യാത്ത യോഗ്യതകളും, അംഗീകാരമില്ലാത്ത യോഗ്യതകളും പ്രദർശിപ്പിച്ച് പ്രാക്ടീസ് ചെയ്യുന്നത് പ്രാബല്യത്തിലുള്ള നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ശിക്ഷാർഹമായ കുറ്റമാണ്. കൂടാതെ നാഷണൽ മെഡിക്കൽ കമ്മീഷന്റെ ചട്ടങ്ങൾക്ക് വിരുദ്ധമായി, ഡോക്ടർമാരുടെ ചിത്രങ്ങളും യോഗ്യതകളും സഹിതം ആശുപത്രി മാനേജ്മെന്റുകൾ പത്രങ്ങളിലും സമൂഹമാധ്യമങ്ങളിലും പരസ്യങ്ങൾ നൽകുന്നതും കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പ്രവർത്തികളിലും ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ കൗൺസിലിനു അധികാരമുള്ളതാണ്. അതിനാൽ മേൽ വിഷയങ്ങളിൽ കേരളത്തിൽ പ്രാക്ടീസ് ചെയ്യുന്ന മുഴുവൻ ഡോക്ടർമാരും, ആശുപത്രികളിലെ മെഡിക്കൽ സൂപ്രണ്ടുമാരും ജാഗ്രത പുലർത്തണമെന്നു അറിയിക്കുന്നു .

KERALA STATE MEDICAL COUNCILS
RED CROSS ROAD
THIRUVANANTHAPURAM
695 035
KERALA, INDIA

**രജിസ്ട്രാർ ( i/c)**